**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 697** **11-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ വൈദ്യുതി കരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2011-2016 സർക്കാർ കാലയളവിലെ കുറഞ്ഞ നിരക്കിൽ ലഭ്യമായിരുന്ന ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കി ഉയർന്ന നിരക്കുള്ള ഹ്രസ്വകാല കരാറുകളിൽ ഏർപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | നിലവിലുള്ള ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കുകയോ വീണ്ടും കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-15-ൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നല്കണമെന്ന KSEBL-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10.05.2023- ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>കമ്മീഷന്റെ 10.05.2023- ലെ ഉത്തരവിന്റെ ഫലമായി സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് interim arrangement നടത്തുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഇ.ബി.എൽ കമ്മീഷനെ സമീപിക്കുകയും 75 ദിവസം വരെ സാവകാശം നൽകി 07.06.2023-ൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കരാറുകാരിൽ നിന്നും തുടർന്നും വൈദ്യുതി വാങ്ങുവാൻ കമ്മീഷൻ അനുവദിയ്ക്കുകയുണ്ടായി. ആയത് 31.12.2023 വരെ കമ്മീഷൻ ദീർഘിപ്പിച്ചു നൽകിയെങ്കിലും കരാർ പ്രകാരമുള്ള വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായില്ല. 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ 108-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സർക്കാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കരാർ പുന:സ്ഥാപിച്ചു കൊണ്ടുള്ള 29.12.2023- ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാർ പ്രകാരമുള്ള നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ കരാർ പ്രകാരം വൈദ്യുതി നൽകണമെന്ന് കെ.എസ്.ഇ.ബി ലിമിറ്റഡ് |

<table>
<tr><td></td><td></td><td></td><td>ആവശ്യപ്പെട്ടിട്ടും ഇതുവരെ വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായിട്ടില്ല.<br><br>ഈ വൈദ്യുതി കുറവും പിന്നെ മഴയുടെ ലഭ്യത കുറവും മൂലം ഡാമുകളിൽ സംഭരണ ശേഷി ക്രമാതീതമായി കുറഞ്ഞതും, കാലാവസ്ഥ വ്യതിയാനം മൂലം ഉപഭോഗംകൂടിയതും മൂലം ഉണ്ടായ കുറവ് നികത്താൻ വേണ്ടിയാണ് ഹ്രസ്വ കാല ടെൻഡർ ക്ഷണിക്കുകയുണ്ടായത്. പ്രസ്തുത കരാറുകളുടെ കാലാവധി 2023 ആഗസ്റ്റ് മുതൽ 2024 മെയ് വരെയാണ്. ഇവ കൂടാതെ വേനൽ കാലത്തെ അധിക ഊർജ്ജ ആവശ്യം മുന്നിൽ കണ്ടും 2024 ഏപ്രിൽ മെയ് മാസങ്ങളിലേക്കു ഹ്രസ്വ കാല കരാറിലും ബാങ്കിങ് കരാറിലും ഏർപ്പെട്ടിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>മാർച്ച്, ഏപ്രിൽ മാസങ്ങളിലെപ്പോലെ മെയ്, ജൂൺ മാസങ്ങളിലും കൂടി ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാൻ ഈ വർഷം കെ.എസ്.ഇ.ബി. കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;</td><td>(ബി)</td><td>മെയ്, ജൂൺ മാസങ്ങളിലെ അധിക വൈദ്യുതി ആവശ്യകത മുൻകൂട്ടി കണ്ട് അത് നിറവേറ്റുന്നതിനായി കെ.എസ്.ഇ.ബി ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം മെയ് മാസത്തേയ്ക്ക് ഏർപ്പെട്ടിരുന്ന കരാറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>
<table>
<tr><td>Monthly Contracts through Power exchange to meet Summer 2024</td><td></td><td></td><td></td></tr>
<tr><td>Month</td><td>Qty in MW</td><td>Rate</td><td>No.days</td></tr>
<tr><td>May-24</td><td>307</td><td>9.25</td><td>31</td></tr>
<tr><td></td><td>134</td><td>9.5</td><td>31</td></tr>
<tr><td></td><td>50</td><td>8.65</td><td>31</td></tr>
<tr><td></td><td>56</td><td>9</td><td>31</td></tr>
<tr><td></td><td>547</td><td>9.23</td><td></td></tr>
</table>
<br>മുൻ വർഷങ്ങളിലെ പ്രവണതയനുസരിച്ച് ജൂൺ മാസത്തിൽ കാലവർഷം ശക്തമാവുന്നതായി കാണാറില്ല. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ അനുസരിച്ച് നാലു വർഷത്തിൽ മൂന്ന് വർഷവും കാലവർഷം ശരാശരിയിലും കുറവായാണ് ലഭിക്കുന്നത്.<br><br>ഇപ്രകാരം ജൂൺ മാസത്തെ വൈദ്യുതി ആവശ്യകത വേനൽക്കാലത്തേതിന് സമാനമായിട്ടാണ് കണ്ടു വരുന്നത്. വേനൽക്കാലത്തെ അധിക ആവശ്യകതയ്ക്കായി കരാർ ചെയ്തിരുന്ന 1180 മെഗാവാട്ട് വൈദ്യുതി മെയ് 31-ഓടു കൂടി അവസാനിക്കുമായിരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | | | കാലവർഷം വൈകുന്ന സാഹചര്യം കണക്കിലെടുത്ത് വരാവുന്ന അധിക വൈദ്യുതി ആവശ്യകത മുൻകൂട്ടി കണ്ടുകൊണ്ട് ഡീപ് ടെൻഡർ വിളിച്ചിരുന്നു. കണ്ടെത്തിയ നിരക്ക് എട്ട് രൂപ കൂടുതലായതിനാൽ റദ്ദാക്കുകയാണു ണ്ടായത്. ഇതിനു പുറമേ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഉഷ്ണതരംഗം നിലവിലുള്ള സാഹചര്യമുള്ളതിനാലും ഇന്ധനം നിറയ്ക്കു ന്നതിനായ് കൂടംകുളത്തെ ഒരു യൂണിറ്റ് നിറുത്തേണ്ട സാഹചര്യത്തിനാലും പീക്ക് സമയങ്ങളിൽ ഉണ്ടായേക്കാവുന്ന വൈദ്യുതി ലഭ്യതയിലെ കുറവ് നികത്തുന്നതിനായി അധിക വൈദ്യുതി ലഭ്യമാക്കേണ്ടത് ഉണ്ടായിരുന്നു. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ജൂൺ മാസത്തേയ്ക്കായി പവർ എക്സ്ചേഞ്ച് വഴി മാസാടിസ്ഥാന കരാറിൽ ഏർപ്പെട്ടിരുന്നു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>298.5 മെഗാവാട്ട് RTC-6 രൂപ 55 പൈസ<br><br>42 മെഗാവാട്ട് - 0-05 hrs -10 രൂപ<br><br>42 മെഗാവാട്ട് - 18-24 hrs -10 രൂപ<br><br>വർദ്ധിച്ച് വരുന്ന വൈദ്യുതി ഉപയോഗം നേരിടുന്നതിനും വരുന്ന വേനൽ കാലത്തെ അധിക ഊർജ്ജ ആവശ്യം മുന്നിൽ കണ്ടും 2024 മെയ് ജൂൺ (1മുതൽ 15വരെ) മാസങ്ങളിലേക്കു യഥാക്രമം 475 മെഗാവാട്ടിന്റെയും 50 മെഗാവാട്ടിന്റെയും ഹ്രസ്വ കാല കരാറുകളിൽ റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെയാണ് ഏർപ്പെട്ടിട്ടുള്ളത്. |
| (സി) | 2011-2016 സർക്കാർ കാലത്തെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായിരുന്ന ദീർഘകാല വൈദ്യുതി കരാറുകൾ ആദ്യം റദ്ദാക്കുകയും പിന്നീട് പുന:സ്ഥാപിക്കുകയും ചെയ്തപ്പോൾ മുൻ കരാറിലെ ഭൂരിഭാഗം കമ്പനികളും പിന്മാറിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്. 29.12.2023- ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുനഃ സ്ഥാപിക്കുകയും കരാർ പ്രകാരമുള്ള പഴയ നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട് .പക്ഷെ കരാർ പ്രകാരം വൈദ്യുതി നൽകണമെന്ന് കെ.എസ്.ഇ.ബി.എൽ ആവശ്യപ്പെട്ടിട്ടും ഇതുവരെ വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായിട്ടില്ല. ഇതുമായി ബന്ധപ്പെട്ടുള്ള തുടർ നിയമ നടപടികളുമായി മുന്നോട്ടു പോകുന്നു. നിലവിൽ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് ചോദ്യം ചെയ്തുള്ള ഉല്പാദകരുടെ ഹർജി APTEL ന്റെ പരിഗണനയിൽ ആണ് . |
| (ഡി) | പ്രസ്തുത നടപടികൾ മൂലം കെ.എസ്.ഇ.ബി. ക്ക് ഭീമമായ തുകയുടെ നഷ്ടമുണ്ടായിയെന്നത് വസ്തുതയാണോ; വിശദമാക്കാമോ? | (ഡി) | നിലവിലുള്ള ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കുകയോ വീണ്ടും കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-15-ൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നല്കണമെന്ന KSEBL-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10.05.2023 ൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>കമ്മീഷന്റെ 10.05.2023- ലെ ഉത്തരവിന്റെ ഫലമായി സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് interim arrangement നടത്തുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഇ.ബി.എൽ കമ്മീഷനെ സമീപിക്കുകയും 75 ദിവസം വരെ സാവകാശം നൽകി 07.06.2023-ൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കരാറുകാരിൽ നിന്നും തുടർന്നും വൈദ്യുതി വാങ്ങുവാൻ കമ്മീഷൻ അനുവദിയ്ക്കുകയുണ്ടായി. ആയത് 31.12.2023 വരെ കമ്മീഷൻ ദീർഘിപ്പിച്ചു നൽകിയെങ്കിലും കരാർ പ്രകാരമുള്ള വൈദ്യുതി നല്കാൻ ഉത്പാദകർ തയ്യാറായില്ല.<br><br>ടി ദീർഘകാല കരാറുകൾ അതേ നിരക്കിൽ തന്നെ പിന്നീട് പുനഃസ്ഥാ പിച്ചതിലൂടെ കെ.എസ്.ഇ.ബി.എൽ-നു നഷ്ടമുണ്ടായിട്ടില്ല. എന്നാൽ പ്രസ്തുത വൈദ്യുതിലഭിക്കാതിരുന്നതിനാലും ഈ വേനൽ കാലത്തു അപ്രതീക്ഷിതമായി അനുഭവപ്പെട്ട തീക്ഷ്ണ ഉഷ്ണതരംഗം മൂലമുണ്ടായ അധിക വൈദ്യുതി ആവശ്യകത നിറവേറ്റാനും വേണ്ടിയാണു പ്രധാനമായും ഹ്രസ്വകാല കരാറുകളും Monthly Contracts ലും ഏർപ്പെടേണ്ടിവന്നിട്ടുള്ളത്. പ്രസ്തുത കരാറുകളിൽ ഏർപ്പെട്ടത് വഴിയുള്ള അധിക ചെലവ് കെ.എസ്.ഇ.ബി-യ്ക്ക് ഒരു നഷ്ടമായി കണക്കാക്കാനാവില്ല. |

സെക്ഷൻ ഓഫീസർ